## 1122

പാപി വരിക! പരനെയറിക! തവ
പാപമെല്ലാമൊഴിഞ്ഞേറ്റു പറക, തിരിക!-

1 പാപമേതെന്നറിക ആകെ നിങ്കേന്നെറിക
പാപശിക്ഷ മരണമെന്നറിക, തിരിക-

2 ജീവനത്തേടുക വേഗമായോടിടുക
ജീവൻ നൽകും കാൽവറിയോടണക, തിരിക-

3 ആവലോടിക്ഷണം ക്രൂശോടണഞ്ഞിടുകിൽ
ജീവനവനൗദാര്യമായരുളും സ്ഥിരമായ്-

4 പുത്രനിൽ വിശ്വസിച്ചിടുന്ന നരർക്കിന്നു
നിത്യരക്ഷ ലഭിക്കുവാൻ തടവില്ലുടനെ-

5 സത്യാത്മാ പറയുന്നു കേൾക്കുവോനും പറയാം
ഇച്ഛിപ്പോർക്കു ജീവവെള്ളം വെറുതേ വാങ്ങിടാം-

6 ക്രിസ്തുകാന്തയുമിതാ ശക്തിയായ് വിളിക്കുന്നു
സ്വസ്ഥത ലഭിപ്പതിനു വഴിയിതൊന്നു താൻ-

7 ജീവജലത്തിനുറവയൊഴുകും നിന്നിൽ
ജീവനെങ്ങും വ്യാപിപ്പതാൽ മരണം നീങ്ങിടും-

8 അന്ധകാരം നീങ്ങിയെന്തു വെളിച്ചമാകും!
സ്വാന്തമെല്ലാം പ്രഭ തിങ്ങി നിറയും ദൃഢമായ്-

9 മൂഢബോധമൊഴിയും കേടകന്നു തിരിയും
ഗാഢമായ് ജ്ഞാനമുള്ളിൽ കലരും വളരും-

10 ഇദ്ദിനമിന്നു നീ നഷ്ടമാക്കിടുമെങ്കിൽ
മറ്റൊരു ദിനം നിനക്കു തരമായ് വരുമോ?- K.V.S.